STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No. 51/PR/SPMC/PHQ/2023 Date: 11.05.2023

**ഡ്രോണുകളുടെ പ്രവർത്തനത്തിന് പ്രത്യേക വ്യവസ്ഥകൾ ആവശ്യം: മുഖ്യമന്ത്രി**

ഡ്രോണുകളുടെ ഉപയോഗം വർദ്ധിക്കുന്നതിനാൽ അവയുടെ പ്രവർത്തനത്തിന് പ്രത്യേകം വ്യവസ്ഥകൾ ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എല്ലാ പോലീസ് ജില്ലകൾക്കും നിരീക്ഷണത്തിനായി ഡ്രോണുകൾ വിതരണം ചെയ്യുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. നിരീക്ഷണ ഡ്രോണുകൾ പോലീസിന്റെ ആധുനികവത്ക്കരണത്തിൽ വലിയ ചുവടായി മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പോലീസിന്റെ ആവശ്യങ്ങൾക്കുള്ള ഡ്രോണുകൾ, മൊബൈൽ ആന്റിഡ്രോൺ സംവിധാനം എന്നിവ നിർമ്മിക്കുന്നതിന് കേരളാ പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് ആന്റ് റിസർച്ച് സെന്റർ വികസിപ്പിച്ചെടുത്ത ഡ്രോൺ ഫോറൻസിക് സോഫ്റ്റ് വെയറിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. വിവിധതരം ഡ്രോൺ ഓപ്പറേഷനുകൾ നടത്തുന്നതിനായി ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത് ഡി.ജി.സി.എ സർട്ടിഫൈഡ് ഡ്രോൺ പൈലറ്റ് പരിശീലനം നേടിയ 25 പോലീസ് ഉദ്യോഗസ്ഥർക്കുള്ള സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു.

പോലീസിന് എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ആകാശ നിരീക്ഷണം നടത്തി വിവരങ്ങൾ ശേഖരിക്കാനും അടിയന്തിരഘട്ടങ്ങളിൽ സഹായമെത്തിക്കാനും ഡ്രോണുകൾ പോലീസിന് സഹായകമാകും. ഡ്രോൺ പൈലറ്റ് പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർക്ക് പുറമെ 20 പോലീസ് ഉദ്യോഗസ്ഥർക്ക് ഡ്രോൺ ഫോറൻസിക് ലാബിന്റെ നേതൃത്വത്തിൽ ഡ്രോൺ ഫ്ളൈയിങ്ങിൽ അടിസ്ഥാന പരിശീലവും നൽകിയിട്ടുണ്ട്.

തിരുവനന്തപുരം പേരൂർക്കട എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ വട്ടിയൂർക്കാവ് എം.എൽ.എ വി.കെ പ്രശാന്ത് അധ്യക്ഷനായിരുന്നു. എ.ഡി.ജി.പിമാരായ കെ.പത്മകുമാർ, ഡോ.ഷെയ്ക്ക് ദർവേഷ് സാഹിബ്, സൈബർ ഡോം നോഡൽ ഓഫീസർ കൂടിയായ പി.പ്രകാശ്, ഐ.ജി മാരായ സി. നാഗരാജു, എസ്. ശ്യാംസുന്ദർ എന്നിവരും മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

**ഫോട്ടോക്യാപ്ഷൻ** : തിരുവനന്തപുരം പേരൂർക്കട എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന എല്ലാ പോലീസ് ജില്ലകൾക്കും നിരീക്ഷണത്തിനായി ഡ്രോണുകൾ വിതരണം ചെയ്ത ചടങ്ങിന്റെ വിവിധ ദൃശ്യങ്ങൾ.

***********************************